(ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നിർദ്ദിഷ്ട സുവർണ ചതുഷ്കോണത്തിൽ സംസ്ഥാനത്തെയും ഉൾപ്പെടുത്താനായി പ്രസ്തുത പാത ചെന്നൈയിൽ നിന്ന് കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം മർഗോവ വഴി മുംബൈക്ക് പോകണമെന്ന ആവശ്യത്തിൻമേൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (430) നദികളിലെ മത്സ്യസമ്പത്തിന്റെ നാശം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളിലെ മത്സ്യ സമ്പത്ത്, പുഴ മലിനീകരണം, പുഴയിലെ അശാസ്ത്രീയമായ മണൽ വാരൽ എന്നിവമൂലം ക്ഷയിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴകളിലേയും ശുദ്ധജലതടാകങ്ങളിലേയും മത്സ്യബന്ധനങ്ങളിലേർപ്പെട്ട് ഉപജീവനം കഴിക്കുന്ന തൊഴിലാളികളെ മത്സ്യസമ്പത്തിന്റെ ക്ഷയിക്കൽ പ്രതികൂലമായി ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുഴയോരങ്ങളിലും തടാകങ്ങളിലും മത്സ്യഹാച്ചറികൾ സ്ഥാപിക്കുവാനും പുഴകളിലും തടാകങ്ങളിലും മത്സ്യക്കൃഷി ആരംഭിക്കുവാനുമുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അമിതചൂഷണം, ജലമലിനീകരണം, ആവശ്യമല്ലാത്ത മത്സ്യബന്ധന മുറകൾ എന്നീ കാരണങ്ങൾ മത്സ്യ വിഭവ ശോഷണം അഭിമുഖീകരിക്കുന്ന ജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തി മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനും ഉല്പാദനക്ഷമത നിലനിറുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പംതന്നെ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് അനധികൃത മത്സ്യബന്ധനം തടയുന്നതിനും റോന്തു ചുറ്റൽ ശക്തിപ്പെടുത്തുക, ലൈസൻസ് ഇല്ലാത്ത വലകൾ നീക്കം ചെയ്യുക, ഏറ്റ സമയത്തെ മത്സ്യബന്ധനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുക. അഷ്ടമുടിക്കായൽ വേമ്പനാട്ടുകായൽ എന്നീ ഉൾനാടൻ ജലാശയങ്ങളിൽ ഒരു നിശ്ചിത പ്രദേശം മത്സ്യ വിഭവ സുരക്ഷിതമേഖലയായി പ്രഖ്യാപിച്ച് കാത്തു പരിപാലിക്കുക. എന്നീ പരിപാടികൾക്ക് ഉദ്ദേശമുണ്ട്. മത്സ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ മത്സ്യക്കൃഷി വിപുലമായ രീതിയിൽ നടപ്പിലാക്കിവരുന്നു. കൂടാതെ കോട്ടയം ജില്ലയിൽ പള്ളം കേന്ദ്രമായി നാടൻ മത്സ്യങ്ങൾ വളർത്തുന്നതിനുള്ള ഒരു ഫാം പ്രവർത്തിച്ചു വരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസികളുടെ സഹായത്തോടെ മത്സ്യ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും സഹായം നൽകുന്നുണ്ട്.

2 (431) സമുദ്രോൽപ്പന്ന വ്യവസായം

ശ്രീ. പി. രാജു :
ശ്രീ. സത്യൻമൊകേരി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രോൽപ്പന്ന വ്യവസായമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് എത്ര തുക കുടിശ്ശിക യിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്;

(ഇ) തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) 31.12.99 വരെ അസസ്സ് ചെയ്ത കണക്ക് പ്രകാരം 24.01 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

(ഇ) കളക്ഷൻ ക്യാമ്പുകൾ നടത്തിയും, കുടിശ്ശികക്കാരെ നേരിൽ ചെന്ന് കണ്ടും ആർ ആർ നടപടികളിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 (432) ജനകീയ മത്സ്യക്കൃഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ജനകീയ മത്സ്യക്കൃഷിയുടെ പുരോ ഗതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഓരോ ജലാശയങ്ങളിലും മത്സ്യക്കൃഷി നടത്തുന്നതിന് പദ്ധതി യുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly